പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1996 04.11.2019 ൽ മറുപടിക്ക്

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ കൈമാറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് മറികടന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനി ഗ്രൂപ്പ് പുതുതായി രൂപീകരിച്ച കമ്പനിക്ക് കൈമാറുന്നതിനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | വിമാനത്താവളം കൈമാറുന്നതിനെതിരെ ഹൈക്കോടതിയിൽ നിലവിൽ കേസുകളുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും | അദാനി എന്റർപ്രൈസിന് അവാർഡ് നൽകുന്നതിന് എതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.യും ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി. കോടതി വിധിയ്ക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഉയർന്ന തുക ക്വാട്ട് ചെയ്ത കമ്പനിക്ക് ലേലം ഉറപ്പിക്കുന്നതാണ് രീതിയെന്ന കേന്ദ്ര വ്യോമയാന സഹമന്ത്രിയുടെ ലോകസഭ ചോദ്യത്തിനുള്ള മറുപടി, അദാനി ഗ്രൂപ്പിന് വിമാനത്താവളം കൈമാറാനുള്ള നീക്കത്തിന്റെ ഭാഗമായി സർക്കാർ കണക്കിലെടുത്തിട്ടില്ലേ; വ്യക്തമാക്കുമോ; | | |
| (ഡി) | ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച റ്റിയാൽ എന്ന കമ്പനിയിൽ സർക്കാരിന്റെ ഷെയർ നിലവിലെത്രയാണ്; അറിയിക്കുമോ; | (ഡി) | ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച റ്റിയാൽ എന്ന കമ്പനിയിൽ 100 രൂപ മുഖവിലയുള്ള 4500 ഷെയറാണ് സർക്കാരിനുള്ളത്. |
| (ഇ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ് റ്റിയാലിൽ നിക്ഷിപ്തമാക്കുന്നതിന് കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുമോ; ഇതിനായി സംസ്ഥാനത്തെ എല്ലാ എം.പി.മാരുടെയും സഹകരണം തേടുമോയെന്ന് അറിയിക്കുമോ? | (ഇ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ് റ്റിയാലിൽ നിക്ഷിപ്തമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു. ഇതിനായി സംസ്ഥാനത്തെ എം.പി മാരുടെ സഹകരണം തേടുന്നതാണ്. |

സെക്ഷൻ ഓഫീസർ